| 13-06-2025 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ- ഈ പരിധിയില്ലാത്ത കളിയിൽ നിങ്ങൾ ആത്മാക്കളാകുന്ന അഭിനേതാക്കൾ പാർട്ടുധാരികളാണ്, നിങ്ങളുടെ നിവാസസ്ഥാനം മധുരമായ ശാന്തിധാമ(സ്വീറ്റ് സൈലൻസ് ഹോം)മാണ്, ഇപ്പോൾ അവിടേയ്ക്ക് പോകണം.**

**ചോദ്യം-** ഡ്രാമയുടെ കളിയെ യഥാർത്ഥ രീതിയിൽ അറിയുന്നവരുടെ മുഖത്തു നിന്ന് ഏത് വാക്കു വരില്ല?
**ഉത്തരം-** ഇത് ഇങ്ങനെ സംഭവിച്ചില്ലായിരുന്നെങ്കിൽ അങ്ങനെ സംഭവിക്കുമായിരുന്നു........ ഇങ്ങനെ സംഭവിക്കരുതായിരുന്നു- ഇങ്ങനെയുള്ള വാക്കുകൾ ഡ്രാമയുടെ കളികളെ അറിയുന്നവർ പറയില്ല. നിങ്ങൾ കുട്ടികൾക്ക് അറിയാം ഈ ഡ്രാമയുടെ കളി പേനിനെപ്പോലെ കറങ്ങിക്കൊണ്ടിരിക്കും, എന്തെല്ലാം സംഭവിക്കുന്നുവോ അവയെല്ലാം ഡ്രാമയിൽ ഉള്ളതാണ്, വിഷമിക്കേണ്ട ഒരു കാര്യവുമില്ല.

**ഓം ശാന്തി**. ബാബ കുട്ടികൾക്ക് തന്റെ പരിചയം നൽകുമ്പോൾ കുട്ടികൾക്ക് തങ്ങളുടെ പരിചയവും ലഭിക്കുന്നു. എല്ലാ കുട്ടികളും ഒരുപാട് കാലം ദേഹാഭിമാനത്തിലാണ് കഴിഞ്ഞത്. ദേഹീ അഭിമാനിയാകുമ്പോഴേ ബാബയുടെ യഥാർത്ഥ പരിചയം ലഭിക്കൂ. പക്ഷേ ഡ്രാമയിൽ ഇങ്ങനെയല്ല. ഭഗവാൻ ഗോഡ് ഫാദറാണ്, രചയിതാവാണ് എന്ന് പറയുന്നുണ്ട് പക്ഷേ അറിയുന്നില്ല. ശിവലിംഗത്തിന്റെ ചിത്രമുണ്ട് പക്ഷേ ബാബ ഇത്ര വലുതൊന്നുമല്ല. യഥാർത്ഥ രീതിയിൽ അറിയാത്തതിനാൽ ബാബയെ മറന്നുപോകുന്നു. ബാബ രചയിതാവാണ്, രചിക്കുന്നത് പുതിയ ലോകത്തെയായിരിക്കും, എങ്കിൽ തീർച്ചയായും നമ്മൾ കുട്ടികൾക്ക് പുതിയ ലോകത്തിലെ രാജധാനിയുടെ സമ്പത്ത് ലഭിക്കും. സ്വർഗ്ഗമെന്ന പേരും ഭാരതത്തിൽ വളരെ പ്രശസ്തമാണ്, പക്ഷേ ഒന്നും മനസ്സിലാക്കുന്നില്ല. ഇന്നയാൾ മരിച്ചു എങ്കിൽ സ്വർഗ്ഗം പൂകി എന്നു പറയാറുണ്ട്. എന്താ ഇപ്പോൾ അങ്ങനെ സംഭവിക്കുന്നുണ്ടോ. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നുണ്ട് നമ്മൾ എല്ലാവരും മുമ്പ് തുച്ഛബുദ്ധികളായിരുന്നു, യഥാക്രമം് എന്ന് പറയുമല്ലോ. മുഖ്യമായും ഇത് മനസ്സിലാക്കിക്കൊടുക്കണം അതായത് ഞാൻ ഇദ്ദേഹത്തിൽ വരുന്നു, വളരെ അധികം ജന്മങ്ങളുടെ അന്തിമ ജന്മത്തിലെ ശരീരത്തിൽ. ഇദ്ദേഹമാണ് നമ്പർവൺ. കുട്ടികൾ മനസ്സിലാക്കുന്നുണ്ട് ഇപ്പോൾ നമ്മൾ ബ്രഹ്മാവിന്റെ മക്കൾ ബ്രാഹ്മണരായി മാറിയിരിക്കുന്നു. ഇതെല്ലാം മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. ബാബ ഇത്രയും കാലമായി മനസ്സിലാക്കിത്തന്നുകൊണ്ടേയിരിക്കുകയാണ്. ഇല്ലെങ്കിൽ ബാബയെ മനസ്സിലാക്കുക എന്നത് സെക്കന്റിന്റെ കാര്യമാണ്. ബാബ പറയുന്നു എന്നെ ഓർമ്മിക്കു എങ്കിൽ നിങ്ങളുടെ വികർമ്മം വിനാശമാകും. നിശ്ചയം വന്നുകഴിഞ്ഞാൽ പിന്നെ ഒരു കാര്യത്തിലും ചോദ്യം ഉന്നയിക്കില്ല. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട്- നിങ്ങൾ ശാന്തിധാമത്തിലായിരുന്നപ്പോൾ പാവനമായിരുന്നു. ഈ കാര്യങ്ങൾ നിങ്ങൾ തന്നെയാണ് ബാബയിൽ നിന്നും കേൾക്കുന്നത്. മറ്റാർക്കും കേൾക്കാൻ കഴിയില്ല. നമ്മൾ ആത്മാക്കൾ എവിടെ വസിക്കുന്നവരാണ് എന്നത് നിങ്ങൾക്ക് അറിയാം. നാടകത്തിലെ അഭിനേതാക്കൾ പറയാറില്ലേ ഞങ്ങൾ ഇന്ന നാട്ടുകാരാണെന്ന് പിന്നീട് വസ്ത്രം മാറ്റി സ്റ്റേജിലേയ്ക്ക് വരും. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നുണ്ട് നമ്മൾ ഇവിടെ വസിക്കുന്നവരല്ല. ഇത് ഒരു നാടകശാലയാണ്. നമ്മൾ മൂലവതന നിവാസികളാണ്, അതിനെയാണ് സ്വീറ്റ് സൈലൻസ് ഹോം എന്ന് പറയുന്നത്, ഇത് ഇപ്പോൾ ബുദ്ധിയിൽ വന്നു. ഈ വീടാണ് എല്ലാവരും ആഗ്രഹിക്കുന്നത് എന്തെന്നാൽ എല്ലാവരും ദുഃഖികളാണ്. നമുക്ക് എങ്ങനെ തിരിച്ച് വീട്ടിലേയ്ക്ക് പോകാൻ പറ്റും എന്ന് ചോദിക്കുന്നു. വീടിന്റെ അറിവ് ഇല്ലാത്തതിനാൽ അലഞ്ഞുതിരിയുന്നു. ഇപ്പോൾ അലച്ചിലിൽ നിന്നും രക്ഷപ്പെട്ടു. കുട്ടികൾക്ക് മനസ്സിലായി, സത്യമായും ഇപ്പോൾ നിങ്ങൾക്ക് വീട്ടിലേയ്ക്ക് പോകണം. ഞാൻ ആത്മാവ് എത്ര ചെറിയ ബിന്ദുവാണ്. ഇതും അത്ഭുതമാണ് ഇതിനെയാണ് ദിവ്യശക്തി എന്നു പറയുന്നത്. ഇത്രയും ചെറിയ ബിന്ദുവിൽ അത്രയും അധികം പാർട്ട് അടങ്ങിയിട്ടുണ്ട്. പരമപിതാ പരമാത്മാവ് എങ്ങനെയാണ് പാർട്ട് അഭിനയിക്കുന്നത് എന്നതും നിങ്ങൾ മനസ്സിലാക്കി. ഏറ്റവും മുഖ്യമായ പാർട്ടുധാരി അതാണ്, ചെയ്യുന്നവനും ചെയ്യിപ്പിക്കുന്നവനുമല്ലേ. നിങ്ങൾ മധുര മധുരമായ കുട്ടികൾക്ക് ഇപ്പോൾ ഇത് മനസ്സിലായി അതായത് നമ്മൾ ആത്മാക്കൾ ശാന്തിധാമത്തിൽ നിന്നാണ് വന്നത്. ശരീരത്തിലേയ്ക്ക് പ്രവേശിക്കാനായി ആത്മാവ് പുതിയതായി എവിടെ നിന്നും വരുന്നില്ല. ആത്മാക്കൾ എല്ലാവരും സ്വീറ്റ് ഹോമിലാണ് വസിക്കുന്നത്. അവിടെ നിന്നാണ് പാർട്ട് അഭിനയിക്കാൻ വരുന്നത്. എല്ലാവർക്കും പാർട്ട് അഭിനയിക്കണം. ഇത് കളിയാണ്. ഈ സുര്യനും ചന്ദ്രനും നക്ഷത്രങ്ങളുമെല്ലാം എന്താണ്! ഇതെല്ലാം വിളക്കുകളാണ്. ഇതിലാണ് രാത്രിയുടേയും പകലിന്റേയും കളി നടക്കുന്നത്. ചിലർ സൂര്യ ദേവതായേ നമ:, ചന്ദ്രദേവതായെ നമ:........... എന്നു പറയുന്നു പക്ഷേ വാസ്തവത്തിൽ ഇവർ ആരും ദേവതകളല്ല. ഈ കളിയെക്കുറിച്ച് ആർക്കും അറിയില്ല. സൂര്യ ചന്ദ്രന്മാരെയും ദേവതയെന്നു പറയുന്നു. വാസ്തവത്തിൽ ഇതെല്ലാം ലോക നാടകത്തിനുള്ള വിളക്കുകളാണ്. സ്വീറ്റ് സൈലൻസ് ഹോമിലെ

നിവാസികളാണ് നാമെല്ലാവരും. ഇവിടെ നമ്മൾ പാർട്ട് അഭിനയിച്ചുകൊണ്ടിരിക്കുകയാണ്, ഇത് പേനിനെപ്പോലെ വട്ടം കറങ്ങിക്കൊണ്ടിരിക്കുകയാണ്, എന്തെല്ലാം സംഭവിക്കുന്നുവോ അത് ഡ്രാമയിൽ ഉള്ളതാണ്. അങ്ങനെ സംഭവിച്ചില്ലായിരുന്നെങ്കിൽ ഇങ്ങനെ സംഭവിക്കുമായിരുന്നു എന്ന് പറയാൻ പറ്റില്ല. ഇത് ഡ്രാമയല്ലേ. ഉദാഹരണത്തിന് നിങ്ങളുടെ മമ്മയുണ്ടായിരുന്നു, അവർ മരിച്ചുപോകുമെന്ന് ചിന്തിക്കുക പോലും ചെയ്തിരുന്നില്ല. ശരി, ശരീരം ഉപേക്ഷിച്ചു– ഡ്രാമ. ഇപ്പോൾ തന്റെ പുതിയ പാർട്ട് അഭിനയിക്കുകയാണ്. വിഷമിക്കേണ്ട ഒരു കാര്യവുമില്ല. ഇവിടെ നിങ്ങൾ എല്ലാ കുട്ടികളുടേയും ബുദ്ധിയിലുണ്ട് നമ്മൾ എല്ലാവരും അഭിനേതാക്കളാണ്, ഇത് തോൽവിയുടേയും വിജയത്തിന്റേയും കളിയാണ്. ഈ തോൽവിയുടേയും വിജയത്തിന്റേയും കളി മായയെ ആധാരമാക്കിയാണ്. മായയിൽ നിന്നും തോൽവി തന്നെ തോൽവി പിന്നീട് വിജയം തന്നെ വിജയം. ഇത് എല്ലാവരും പാടുന്നുണ്ട് പക്ഷേ ബുദ്ധിയിൽ അല്പം പോലും ജ്ഞാനമില്ല. നിങ്ങൾക്ക് അറിയാം മായ എന്താ സാധനമെന്ന്, ഇത് രാവണനാണ്, ഇതിനെത്തന്നെയാണ് മായ എന്നു പറയുന്നത്. ധനത്തെ സമ്പത്ത് എന്നാണ് പറയുന്നത്. ധനത്തെ മായ എന്നു പറയില്ല. മനുഷ്യർ കരുതുന്നു ഇവരുടെ പക്കൽ വളരെ അധികം ധനമുണ്ട്. അതിനാൽ മായയുടെ ലഹരിയാണ് എന്ന് പറയുന്നു. പക്ഷേ മായയുടെ ലഹരി എന്താണ്! മായയെ ജയിക്കാനാണ് നമ്മൾ പരിശ്രമിക്കുന്നത്. അതിനാൽ ഇവിടെ ഒരു കാര്യത്തിലും സംശയം ഉണ്ടാവരുത്. അവസ്ഥ പാകമാകാത്തതിനാലാണ് സംശയങ്ങൾ വരുന്നത്. ഇപ്പോൾ ഭഗവാൻ പറയുകയാണ്– ആരോട്? ആത്മാക്കളോട്. ആത്മാക്കളോട് സംസാരിക്കാൻ തീർച്ചയായും ഭഗവാൻ ശിവൻ വേണം. കൃഷ്ണൻ ദേഹധാരിയാണല്ലോ. കൃഷ്ണന് എങ്ങനെ ആത്മാക്കളോട് പറയാൻ കഴിയും. നിങ്ങൾക്ക് ഒരു ദേഹധാരിയല്ല ജ്ഞാനം പറഞ്ഞുതരുന്നത്. ബാബയ്ക്ക് ദേഹമേയില്ല. ബാക്കി എല്ലാവർക്കും ദേഹമുണ്ട്, അവരുടെ പൂജ ചെയ്യുന്നു അവരെ ഓർമ്മിക്കുന്നത് സഹജമാണ്. ബ്രഹ്മാ, വിഷ്ണു, ശങ്കരന്മാരെയാണ് ദേവത എന്നു പറയുന്നത്. ശിവനെ ഭഗവാൻ എന്നാണ് പറയുന്നത്. ഉയർന്നതിലും ഉയർന്ന ഭഗവാൻ, അവർക്ക് ദേഹമില്ല. ഇതും നിങ്ങൾക്ക് അറിയാം എപ്പോഴാണോ നിങ്ങൾ ആത്മാക്കൾ മൂലവതനത്തിൽ ഉണ്ടായിരുന്നത് അപ്പോൾ നിങ്ങൾക്ക് ദേഹമുണ്ടായിരുന്നോ? ഇല്ല. നിങ്ങൾ ആത്മാക്കളായിരുന്നു. ഈ ബാബയും ആത്മാവാണ്. പക്ഷേ പരമമാണെന്ന് മാത്രം, അവരുടെ പാർട്ടിനെക്കുറിച്ച് പാടിയിട്ടുണ്ട്. പാർട്ട് അഭിനയിച്ചിട്ട് പോയിട്ടുണ്ട്, അതിനാലാണ് പൂജയുണ്ടാകുന്നത്. പക്ഷേ ഒരു മനുഷ്യനുപോലും ഇതറിയില്ല– 5000 വർഷങ്ങൾക്ക് മുമ്പും രചയിതാവായ പരമപിതാ പരമാത്മാവ് വന്നിരുന്നു, അവരാണ് ഹെവൻലി ഗോഡ് ഫാദർ. ഓരോ 5000 വർഷങ്ങൾക്ക് ശേഷവും കല്പത്തിന്റെ സംഗമയുഗത്തിൽ അവർ വരുന്നു, പക്ഷേ കല്പത്തിന്റെ ആയുസ്സിനെ വലിച്ചു നീട്ടിയതു കാരണം എല്ലാം മറന്നുപോയി. നിങ്ങൾ കുട്ടികൾക്ക് അച്ഛൻ ഇരുന്ന് മനസ്സിലാക്കിത്തരുകയാണ്, നിങ്ങൾ സ്വയം പറയുന്നു ബാബാ ഞങ്ങൾ കല്പ കല്പം അങ്ങയെ കണ്ടുമുട്ടുന്നു മാത്രമല്ല അങ്ങയിൽ നിന്നും സമ്പത്തും എടുക്കുന്നു, പിന്നീട് എങ്ങനെയാണ് നഷ്ടപ്പെടുത്തുന്നത്– ഇത് ബുദ്ധിയിലുണ്ട്. ജ്ഞാനം അനേക പ്രകാരത്തിലുണ്ട്, പക്ഷേ ജ്ഞാനസാഗരൻ എന്ന് ഭഗവാനെ മാത്രമേ പറയൂ. ഇപ്പോൾ എല്ലാം മനസ്സിലാക്കുന്നുണ്ട്– വിനാശം തീർച്ചയായും ഉണ്ടാകും. മുമ്പും വിനാശം ഉണ്ടായിരുന്നു. എങ്ങനെ സംഭവിച്ചു– ഇത് ആർക്കും അറിയില്ല. ശാസ്ത്രങ്ങളിലാണെങ്കിൽ വിനാശത്തെക്കുറിച്ച് എന്തെല്ലാമാണ് എഴുതിവെച്ചിരിക്കുന്നത്. പാണ്ഢവരുടേയും കൗരവരുടേയും യുദ്ധം എങ്ങനെ സാധ്യമാകും!

ഇപ്പോൾ നിങ്ങൾ ബ്രാഹ്മണർ സംഗമയുഗത്തിലാണ്. ബ്രാഹ്മണർക്ക് യുദ്ധമൊന്നുമില്ല. ബാബ പറയുന്നു നിങ്ങൾ എന്റെ കുട്ടികൾ നോൺ വയലൻസാണ്, ഡബിൾ അഹിംസകരാണ്. ഇപ്പോൾ നിങ്ങൾ നിർവ്വികാരികളായി മാറിക്കൊണ്ടിരിക്കുകയാണ്. നിങ്ങൾ തന്നെയാണ് കല്പ കല്പം ബാബയിൽ നിന്നും സമ്പത്ത് എടുക്കുന്നത്. ഇതിൽ ബുദ്ധിമുട്ടിന്റെ ഒരു കാര്യവുമില്ല. ജ്ഞാനം വളരെ സഹജമാണ്. 84 ജന്മങ്ങളുടെ ചക്രം നിങ്ങളുടെ ബുദ്ധിയിലുണ്ട്. ഇപ്പോൾ നാടകം പൂർത്തിയാവുകയാണ്, ബാക്കി കുറച്ച് സമയമേയുള്ളു. ധനികർക്കുപോലും ധാന്യം ലഭിക്കാത്ത, വെള്ളം ലഭിക്കാത്ത സമയം ഇനി വരാനിരിക്കുന്നു. ഇതിനെയാണ് ദുഃഖത്തിന്റെ പർവ്വതം എന്ന് പറയുന്നത്, ഭീകരമായ കളിയല്ലേ. ഇതിൽ എല്ലാം അവസാനിക്കും. ആരെങ്കിലും തെറ്റ് ചെയ്യുമ്പോൾ അവർക്ക് അതിനുള്ള ശിക്ഷ ലഭിക്കുന്നു, ഇവർ എന്ത് തെറ്റാണ് ചെയ്തത്? കേവലം ഒരേയൊരു തെറ്റേ ചെയ്തിട്ടുള്ളു, ബാബയെ മറന്നുപോയി. നിങ്ങളാണെങ്കിൽ ബാബയിൽ നിന്നും സമ്പത്ത് എടുക്കുകയാണ്. ബാക്കി എല്ലാവരും മരിച്ചുതന്നെ കിടക്കുകയാണ്. മഹാഭാരതയുദ്ധം ചെറുതായി ആരംഭിച്ചാൽ മരിച്ചുപോകും. നിങ്ങൾ ജയിക്കുമല്ലോ. നിങ്ങൾ ഈ പഠിപ്പിന്റെ ശക്തികൊണ്ട് ട്രാൻസ്ഫറായി അമരലോകത്തിലേയ്ക്ക് പോകുന്നു. പഠിപ്പിനെ വരുമാന മാർഗ്ഗം എന്നാണ് പറയുക. ശാസ്ത്രങ്ങളുടേയും പഠിപ്പുണ്ട്, അതിലൂടെയും വരുമാനം ഉണ്ടാകും, പക്ഷേ ആ പഠിപ്പ് ഭക്തിയുടേതാണ്. ഇപ്പോൾ ബാബ പറയുന്നു ഞാൻ നിങ്ങളെ ഈ ലക്ഷ്മീ നാരായണന്മാരെപ്പോലെയാക്കി മാറ്റുകയാണ്. നിങ്ങൾ ഇപ്പോൾ സ്വച്ഛബുദ്ധികളായി മാറുന്നു. നിങ്ങൾക്ക് അറിയാം നമ്മൾ ഉയർന്നതിലും ഉയർന്നതായി മാറുന്നു, പിന്നീട് പുനർജന്മങ്ങൾ എടുത്ത് എടുത്ത് താഴേയ്ക്ക് വീഴുന്നു. പുതിയതിൽ നിന്നും പഴ

യതായി മാറുന്നു. ഏണിപ്പടി തീർച്ചയായും ഇറങ്ങണമല്ലോ. ഇപ്പോൾ സൃഷ്ടിയുടേയും ഇറങ്ങുന്ന കലയാണ്. ഉയരുന്ന കലയായിരുന്നപ്പോൾ ഈ ദേവതകളുടെ രാജ്യമായിരുന്നു, സ്വർഗ്ഗമായിരുന്നു. ഇപ്പോൾ നരകമാണ്. ഇപ്പോൾ നിങ്ങൾ വീണ്ടും പുരുഷാർത്ഥം ചെയ്യുകയാണ്– സ്വർഗ്ഗവാസിയായി മാറുന്നതിനു വേണ്ടി. ബാബാ– ബാബാ എന്ന് പറഞ്ഞുകൊണ്ടിരിക്കുന്നു.

ഓ ഗോഡ് ഫാദർ എന്നു പറഞ്ഞ് വിളിക്കുന്നു പക്ഷേ ആ ഈശ്വരൻ ആത്മാക്കളുടെ ഉയർന്നതിലും ഉയർന്ന അച്ഛനാണ്, നമ്മൾ ഈശ്വരന്റെ കുട്ടികൾ പിന്നെ എന്തുകൊണ്ടാണ് ദുഃഖിക്കുന്നത്? ഇത് മനസ്സിലാക്കുന്നില്ല. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നു ദുഃഖിയായും മാറണം. ഇത് സുഖ ദുഃഖത്തിന്റെ കളിയല്ലേ. വിജയത്തിൽ സുഖമുണ്ട്, തോൽവിയിൽ ദുഃഖവും. ബാബ രാജ്യം നൽകി, രാവണൻ അത് തട്ടിയെടുത്തു. ഇപ്പോൾ നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട്– ബാബയിൽ നിന്നും നമുക്ക് സ്വർഗ്ഗത്തിന്റെ സമ്പത്ത് ലഭിച്ചുകൊണ്ടിരിക്കും. ബാബ വന്നിരിക്കുന്നു, ഇപ്പോൾ ബാബയെ ഓർമ്മിച്ചാൽ മാത്രം മതി പാപം ഇല്ലാതാകും. ജന്മ ജന്മാന്തരങ്ങളിലെ പാപത്തിന്റെ ഭാരം തലയിലുണ്ടല്ലോ. ഇതും നിങ്ങൾക്ക് അറിയാം, നിങ്ങൾ ആരും അതീവദുഃഖികളാവുന്നില്ല. കുറച്ച് സുഖമുണ്ട്– ആട്ടയിൽ ഉപ്പിട്ടതുപോലെ. ഇതിനെയാണ് കാഗവിഷ്ടസമാനമായ സുഖം എന്നു പറയുന്നത്. നിങ്ങൾക്ക് അറിയാം സർവ്വരുടേയും സദ്ഗതി ദാതാവ് ഒരേയൊരു ബാബയാണ്. ജഗത്തിന്റെ ഗുരുവും ഒന്നാണ്. വാനപ്രസ്ഥത്തിലാണ് ഗുരുവിനെ നേടുന്നത്. ഇപ്പോൾ ചെറിയ പ്രായത്തിൽ തന്നെ ഗുരുവിനെ തേടുന്നു അഥവാ മരിച്ചുപോയാലും സദ്ഗതി നേടണം എന്ന് കരുതുന്നു. ബാബ പറയുന്നു വാസ്തവത്തിൽ ആരെയും ഗുരു എന്നു പറയാൻ കഴിയില്ല. സദ്ഗതി നൽകുന്നവരാണ് ഗുരു. സദ്ഗതി ദാതാവ് ഒന്നേയുള്ളു. ബാക്കി ക്രിസ്തു, ബുദ്ധൻ ഇവർ ആരും ഗുരുവല്ല. അവർ വരുമ്പോൾ എന്താ എല്ലാവർക്കും സദ്ഗതി ലഭിക്കുന്നുണ്ടോ! ക്രിസ്തു വന്നു അവരുടെ പിന്നാലെ ബാക്കി എല്ലാവരും വരാൻ തുടങ്ങി. ആരെല്ലാം ആ ധർമ്മത്തിലുള്ളവരാണോ അവരെല്ലാം വന്നു. പിന്നീട് എങ്ങനെ അവരെ ഗുരുവെന്ന് പറയും, കാരണം കൊണ്ടുവരാനാണ് നിമിത്തമായത്. പതിത പാവനൻ എന്ന് ഒരേയൊരു ബാബയെയാണ് പറയുന്നത്, ബാബ എല്ലാവരേയും തിരികെ കൊണ്ടുപോകുന്നയാളാണ്. സ്ഥാപനയും ചെയ്യുന്നുണ്ട്, എല്ലാവരേയും തിരികെ കൊണ്ടുപോവുക്കയും ചെയ്യുന്നു. പ്രളയമൊന്നും ഉണ്ടാകുന്നില്ല. സർവ്വശാസ്ത്രങ്ങളുടേയും മാതാവും ശിരോമണിയുമായി ശ്രീമത് ഭഗവത്ഗീതഎന്ന് മഹിമ പാടാറുണ്ട്. പാടുന്നുണ്ട്– യദാ യദാഹി........... ഭാരതത്തിൽ തന്നെയാണ് അച്ഛൻ വരുന്നത്. സ്വർഗ്ഗത്തിന്റെ ചക്രവർത്തീ പദം നൽകുന്ന അച്ഛനാണ് എന്നിട്ടും അവരെയും സർവ്വവ്യാപി എന്നു പറയുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് സന്തോഷമാണ് എന്തെന്നാൽ പുതിയ ലോകത്തിൽ മുഴുവൻ വിശ്വത്തിലും നമ്മുടെ മാത്രം ഭരണമായിരിക്കും. ആ രാജ്യം ആരാലും തട്ടിയെടുക്കാൻ സാധിക്കില്ല. ഇവിടെയാണെങ്കിൽ തുണ്ട് തുണ്ടാക്കി പരസ്പരം എത്ര വഴക്കടിക്കുന്നു. നിങ്ങൾക്ക് ആണെങ്കിൽ ആനന്ദമാണ്. ഈ ലഹരിയിൽ ഇരിക്കണം. കല്പ കല്പം നാം ബാബയിൽ നിന്നും സമ്പത്ത് എടുക്കുന്നു എങ്കിൽ എത്ര സന്തോഷം ഉണ്ടാകണം. ബാബ പറയുന്നു എന്നെ ഓർമ്മിക്കുവെന്ന് എന്നിട്ടും മറന്ന് പോകുന്നു. പറയുന്നു– ബാബാ യോഗം മുറിഞ്ഞുപോയി. ബാബ പറഞ്ഞിട്ടുണ്ട് യോഗം എന്ന വാക്ക് മാറ്റൂ. അത് ശാസ്ത്രങ്ങളിലെ പദമാണ്. ബാബ പറയുന്നു– എന്നെ ഓർമ്മിക്കൂ. യോഗം എന്നത് ഭക്തിമാർഗ്ഗത്തിലെ വാക്കാണ്. ബാബയിൽ നിന്നും സ്വർഗ്ഗത്തിലെ ചക്രവർത്തീ പദവി ലഭിക്കുന്നു, ബാബയെ നിങ്ങൾ ഓർമ്മിക്കുന്നില്ലെങ്കിൽ വികർമ്മം എങ്ങനെ വിനാശമാകും. രാജ്യം എങ്ങനെ ലഭിക്കും. ഓർമ്മിക്കുന്നില്ലെങ്കിൽ പദവിയും കുറഞ്ഞുപോകും, ശിക്ഷകളും അനുഭവിക്കേണ്ടതായി വരും. ഈ ബുദ്ധിപോലുമില്ല. ഇത്രയും വിവേകശൂന്യരായി മാറി. ഞാൻ കല്പ കല്പം നിങ്ങളോട് പറയുന്നുണ്ട്– എന്നെ മാത്രം ഓർമ്മിക്കൂ. ജീവിച്ചിരിക്കെ ഈ ലോകത്തിൽ നിന്നും മരിക്കൂ. ബാബയുടെ ഓർമ്മയിലൂടെ നിങ്ങളുടെ വികർമ്മം വിനാശമാകും മാത്രമല്ല നിങ്ങൾ വിജയമാലയിലെ മണിയായി മാറുകയും ചെയ്യും. എത്ര സഹജമാണ്. ഉയർന്നതിലും ഉയർന്ന ശിവബാബ പിന്നെ ബ്രഹ്മാവ് രണ്ടുപേരും വലിയവരാണ്. ബാബ പാരലൗകികവും ബ്രഹ്മാബാബ അലൗകികവും. വളരെ സാധാരണ ടീച്ചറാണ്. ആ ടീച്ചേഴ്സാണെങ്കിൽ പിന്നെയും ശിക്ഷിക്കും എന്നാൽ ഇവിടെയാണെങ്കിൽ സ്നേഹത്തോടെ ലാളിച്ചുകൊണ്ടിരിക്കുന്നു. പറയുന്നു മധുരമായ കുട്ടികളേ, ബാബയെ ഓർമ്മിക്കൂ, സതോപ്രധാനമായി മാറണം. പതിത പാവനൻ ഒരേയൊരു ബാബയാണ്. ഗുരുവും അതു തന്നെയാണ് മറ്റാരും ഗുരുവല്ല. പറയുന്നു ബുദ്ധൻ നിർവ്വാണത്തിലേയ്ക്ക് പോയി– ഇതെല്ലാം പൊങ്ങച്ചമാണ്. ഒരാൾക്കുപോലും തിരിച്ചുപോകാൻ പറ്റില്ല. എല്ലാവർക്കും ഡ്രാമയിൽ പാർട്ടുണ്ട്. എത്ര വിശാല ബുദ്ധിയും സന്തുഷ്ടരുമാകണം. മുകളിൽ നിന്നും തുടങ്ങി മുഴുവൻ ജ്ഞാനവും ബുദ്ധിയിലുണ്ട്. ബ്രാഹ്മണർ തന്നെയാണ് ജ്ഞാനം എടുക്കുന്നത്. ശൂദ്രനിലോ, ദേവതയിലോ ഈ ജ്ഞാനമില്ല. ഇപ്പോൾ മനസ്സിലാക്കേണ്ടവർ മനസ്സിലാക്കും. ആരാണോ മനസ്സിലാക്കാത്തത് അവർ മരിച്ചവരാണ്. പദവിയും കുറവാകും. സ്ക്കൂളിലും പഠിക്കുന്നില്ലെങ്കിൽ പദവി കുറഞ്ഞുപോകും. അല്ലാഹു ബാബ, സമ്പത്ത് ചക്രവർത്തീപദം. നമ്മൾ വീണ്ടും നമ്മുടെ രാജധാനിയിലേയ്ക്ക് പോവുകയാണ്. ഈ പഴയ ലോകം അവസാനിക്കും. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം-

1) ബാബ നമുക്ക് ഇങ്ങനെയുള്ള പുതിയ ലോകത്തിന്റെ രാജധാനിയാണ് നൽകുന്നത് അത് ആർക്കും തട്ടിയെടുക്കാൻ സാധിക്കില്ല- ഈ സന്തോഷത്തിന്റെ ലഹരിയിൽ ഇരിക്കണം.

2) വിജയമാലയിലെ മണിയായി മാറുന്നതിനായി ജീവിച്ചിരിക്കെത്തന്നെ പഴയ ലോകത്തിൽ നിന്നും മരിക്കണം. ബാബയുടെ ഓർമ്മയിൽ വികർമ്മത്തെ വിനാശമാക്കണം.

## വരദാനം - തന്റെ ശക്തിശാലി സ്ഥിതിയിലൂടെ സർവരുടെയും ശുഭകാമനകളെ പൂർത്തീകരിക്കുന്ന മഹാദാനിയായി ഭവിക്കട്ടെ

പിറകെ വരുന്ന ആത്മാക്കൾ അൽപം കിട്ടിയാൽ തൃപ്തരാകും, എന്തെന്നാൽ അവരുടെ പാർട്ട് തന്നെ കണം മാത്രം എടുക്കുന്നതിന്റേതാണ്, അപ്പോൾ ഇങ്ങനെയുള്ള ആത്മാക്കൾക്ക് അവരുടെ ഭാവനയുടെ ഫലം പ്രാപ്തമാകുന്നു, ആരും വഞ്ചിതരാകരുത്. അതിനു വേണ്ടി ഇപ്പോൾ മുതലേ അവനവനിൽ സർവ ശക്തികൾ ശേഖരിക്കൂ. എപ്പോൾ താങ്കൾ തന്റെ സമ്പൂർണ ശക്തിശാലി, മഹാദാനി സ്ഥിതിയിൽ സ്ഥിതി ചെയ്യുമ്പോൾ ഏതൊരു ആത്മാവിനും തന്റെ സഹയോഗത്തിലൂടെ, മഹാദാനം നൽകുന്നതിലൂടെ കർത്തവ്യത്തിന്റെ ആധാരത്തിലൂടെ ,ശുഭഭാവനയുടെ സ്വിച്ച് ഓൺ ചെയ്യുന്നതേ ദൃഷ്ടിയിലൂടെ സംതൃപ്തമാക്കും.

## സ്ലോഗൻ- സദാ ഈശ്വരീയമര്യാദകളിലൂടെ പൊയ്ക്കൊണ്ടിരിക്കൂ, എങ്കിൽ മര്യാദാ പുരുഷോത്തമരാകും.

**അവ്യക്തസൂചനകൾ- ആത്മീയസ്ഥിതിയിൽ കഴിയുന്നതിന്റെ അഭ്യാസം ചെയ്യൂ, അന്തർമുഖിയാകൂ**
സേവനത്തിന്റെ സ്ഥിതിയിൽ പോകുമ്പോൾ ഇത് അനുഭവമുണ്ടാകണം- ഈ ആത്മാക്കൾ വളരെ സമയമായി അന്തർമുഖതയുടെ, ആത്മീയതയുടെ, ഗുഹയിൽ നിന്ന് പുറത്ത് വന്ന് സേവനത്തിന് വേണ്ടി വന്നിരിക്കുന്നു. തപസ്വീരൂപം കാണപ്പെടുന്നു. പരിധിയില്ലാത്ത വൈരാഗ്യത്തിന്റെ രേഖകൾ മുഖത്തിലൂടെ കാണപ്പെടട്ടെ. എത്ര തന്നെ അതിആത്മീയത അത്രയും തന്നെ അതി ദയ. ഇങ്ങനെയുള്ള സേവനത്തിന്റെ സമയമാണിപ്പോൾ.